പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2036 — 17.06.2014-ൽ മറുപടിയ്ക്ക്

## ലോഡ്ഷെഡ്ഡിംഗ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. റ്റി. വി. രാജേഷ് : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ഇപ്പോൾ ലോഡ്ഷെഡ്ഡിംഗ് നിലവിലുണ്ടോ ; ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തേണ്ടിവന്ന സാഹചര്യം വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. കാലവർഷം തുടങ്ങാൻ വൈകിയതുമൂലം വൈദ്യുതി ഉപഭോഗത്തിൽ പ്രതീക്ഷിച്ചതിലും വർദ്ധനവ് അനുഭവപ്പെടുന്നുണ്ട്. കൂടാതെ കേന്ദ്ര വൈദ്യുത ഉൽപ്പാദനകേന്ദ്രങ്ങളിലെ ജനറേറ്ററുകളുടെ തകരാറുമൂലവും കേരളത്തിനു ലഭിക്കേണ്ട കേന്ദ്ര വിഹിതത്തിൽ കുറവുണ്ടായി. ഇതിനു പുറമേ കോറിഡോർ ലഭ്യത കുറഞ്ഞതുമൂലം ജൂൺ ഒന്നു മുതൽ കേരളം പുറമേ നിന്നും വാങ്ങിയിരുന്ന വൈദ്യുതിയിലും കുറവുണ്ടായി. കായംകുളം നിലയത്തിലെ ജനറേറ്റർ 2 അപ്രതീക്ഷിതമായി പ്രവർത്തനം നിലച്ചതുമൂലം ഏകദേശം 170 മെഗാവാട്ട് കുറവ് ലഭ്യതയിലുണ്ടായി. കൂടാതെ രാമഗുണ്ടം ( 5), കൈഗ (4) ജനറേറ്ററുകൾ വാർഷിക അറ്റകുറ്റപണികളിലായ തിനാൽ ലഭ്യതയിൽ 77 MW കുറവുണ്ടായി. കേരളത്തിന്റെ ശബരിഗിരിനിലയവും അറ്റകുറ്റപണി കൾക്കായി പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണ്.<br><br>ഇപ്പോഴത്തെ വർദ്ധിച്ച വൈദ്യുതി ഉപഭോഗവും ലഭ്യതയും തമ്മിലുള്ള അന്തരം കണക്കിലെടുത്തതിൽ വൈകുന്നേരങ്ങളിൽ മുക്കാൽ മണിക്കൂർ ലോഡ് ഷെഡ്ഡിംഗ് സംസ്ഥാനത്ത് ഏർപ്പെടുത്തേണ്ട സാഹചര്യം നിലവിൽ വന്നു. |
| (ബി) ഒരു മുന്നറിപ്പുമില്ലാതെ ഇടയ്ക്കിടെ വൈദ്യുതി നിലയ്ക്കുന്നതിന് എന്താണ് കാരണം ; ഇതുമൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ എന്തു നടപടിയാണ് എടുത്തിട്ടുള്ളത് ? | (ബി) | 2012 ജൂലൈ മാസത്തിൽ ഉത്തരേന്ത്യൻ മേഖലയിലുണ്ടായതു പോലെയുള്ള പൂർണ്ണ വൈദ്യുതി വിച്ഛേദനം ഒഴിവാക്കുവാൻവേണ്ടി പ്രത്യേക സുരക്ഷാ സംവിധാനങ്ങൾ രാജ്യമൊട്ടാകെ കേന്ദ്ര ഇലക്ട്രിസിറ്റി അതോറിട്ടി (സി.ഇ.എ) നിർബന്ധമാക്കിയിട്ടുണ്ട്. കേന്ദ്ര |

ഇലക്ട്രിസിറ്റി അതോറിട്ടിയുടെ നിർദ്ദേശപ്രകാരം ഗ്രിഡ് സുരക്ഷയ്ക്കുവേണ്ടി വൈദ്യുതിയുടെ ഉപയോഗം കുറയ്ക്കുന്നതിലേയ്ക്കായി ഇന്ത്യയൊട്ടാകെ പ്രത്യേക സ്വയം നിയന്ത്രിത സുരക്ഷാസംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനം കേന്ദ്രീകൃതമായി സ്വയം പ്രവർത്തിക്കുകയും സിഗ്നൽ ഓരോ സംസ്ഥാനങ്ങളും തിരഞ്ഞെടുക്കപ്പെട്ട പ്രസരണ ലൈനുകൾ ഓഫാക്കുകയും ചെയ്യും. ഇതനുസരിച്ച് കേരളത്തിൽ പതിമൂന്ന് 110 കെ.വിയും ആറ് 66 കെ.വിയും ഫീഡറുകളിൽ മേൽ സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. ടി സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത് രാജ്യം മുഴുവൻ ഉണ്ടാകാവുന്ന വൈദ്യുതി വിച്ഛേദനം ഒഴിവാക്കാൻ വേണ്ടിയാണ്. രാജ്യത്തെ മറ്റു മേഖലാ ഗ്രിഡുകളുമായി (NEW) ദക്ഷിണ മേഖലാ ഗ്രിഡ് റെയ്ച്ചൂർ-ഷോലാപൂർ 765 കെ.വി. എസ്.സി ലൈൻ മുഖാന്തിരം ബന്ധിപ്പിച്ചിട്ടുണ്ട്. ടി ലൈനിലെ വൈദ്യുതിയുടെ അളവ് പരിധിക്കുള്ളിൽ നിർത്തുന്നതിനുവേണ്ടി മേൽപ്പറഞ്ഞ സ്വയം നിയന്ത്രിത സുരക്ഷാ സംവിധാനം പ്രവർത്തിപ്പിക്കുന്നു. സ്വയം നിയന്ത്രിത സുരക്ഷാ സംവിധാനം അടിക്കടി പ്രവർത്തിക്കുന്നത് ഒഴിവാക്കാനായി ടി സംവിധാനത്തിന്റെ പ്രവർത്തന പരിധി വർദ്ധിപ്പിക്കുന്നതിനായി അധികാരികളുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.